സപ്ലൈകോ എഫ്.എം.സി.ജി. വിഭാഗം

# നിർദ്ദേശങ്ങൾ

## Centrally Consolidated Indenting System (CCIS) ൽ കമ്പനികളെ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ:

I a) പ്രതിമാസം 25 ൽ അധികം ഡിപ്പോകളിലായി 25 ലക്ഷം രൂപയിലധികം (അരി, ഭക്ഷ്യ എണ്ണ എന്നിവ ഒഴികെ) വിൽപ്പനയുള്ള കമ്പനികൾ.

അല്ലെങ്കിൽ

b) പതിനഞ്ചിലധികം സപ്ലൈകോ ഡിപ്പോകളിലായി പ്രതിമാസം 30 ലക്ഷം രൂപയിലധികം (അരി, ഭക്ഷ്യ എണ്ണ എന്നിവ ഒഴികെ) വിൽപ്പനയുള്ള കമ്പനികൾ.

അല്ലെങ്കിൽ

c) പൊതു വിപണിയിൽ ഒരു വർഷം 10 കോടിയിലധികം വിറ്റുവരവുള്ള കമ്പനികൾ.

II ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കമ്പനികൾക്ക് ISO22000/HACCP/Agmark Certification എന്നിവയിലേതെങ്കിലും നിർബന്ധമാണ്. മറ്റുള്ളവയ്ക്ക് ISO 9001 Certification ആവശ്യമാണ്.

III Trade Mark Act 1999 ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ചുള്ള ട്രേഡ് മാർക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

കുറിപ്പ്:- ദേശീയതലത്തിൽ പ്രശസ്തമായ കമ്പനികൾക്ക് clause I ൽ ഇളവ് അനുവദിക്കുന്നതാണ്.

CCIS ൽ ഉൾപ്പെടുന്ന പക്ഷം **2,00,000/– രൂപ** രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതാണ്.

## Centrally Listed Companies (CLC) ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ:

I a) പത്തോ അതിലധികമോ സപ്ലൈകോ ഡിപ്പോകളിൽ വിൽപ്പനയും പൊതുവിപണിയിൽ (സപ്ലൈകോ ഉൾപ്പെടെ) 5 കോടി രൂപയുടെ വാർഷിക വിൽപ്പനയുള്ള കമ്പനികൾ.

അല്ലെങ്കിൽ

b) പൊതു വിപണിയിൽ 8 കോടിയിലധികം രൂപയുടെ വാർഷിക വിൽപ്പനയുള്ള കമ്പനികൾ.

അല്ലെങ്കിൽ

c) ഇരുപതിലധികം സപ്ലൈകോ ഡിപ്പോകളിലായി 2 കോടിയിലധികം രൂപയുടെ വാർഷിക വിൽപ്പനയുള്ള കമ്പനികൾ.

II ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കമ്പനികൾക്ക് ISO22000/HACCP/Agmark Certification എന്നിവയിലേതെങ്കിലും നിർബന്ധമാണ്. മറ്റുള്ളവയ്ക്ക് ISO 9001 Certification ആവശ്യമാണ്.

III Trade Mark Act 1999 ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ചുള്ള ട്രേഡ് മാർക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാണ്.

IV CLC ഉൾപ്പെടുത്തുന്ന പക്ഷം registration fee ഒടുക്കേണ്ടതും, പ്രസ്തുത കമ്പനിയോ അവരുടെ വിതരണക്കാരോ DMC കളിൽ രജിസ്റ്റർ ചെയ്യേണ്ടതുമാണ്. വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

V നിർദ്ദിഷ്ട സമയത്തിനുള്ളിൽ രജിസ്ട്രേഷൻ പുതുക്കാതിരിക്കുകയോ, തുടർച്ചയായി 4 മാസത്തിലധികം സപ്ലൈകോയിൽ വിതരണം നടത്താതിരിക്കുകയോ (സീസണൽ ഉൽപ്പന്നങ്ങൾ ഒഴികെ) ചെയ്യുന്ന കമ്പനികളെ CLC യിൽ നിന്നും ഒഴിവാക്കുന്നതായിരിക്കും.

VI മേൽ പറഞ്ഞ മാനദണ്ഡങ്ങളിൽ നിന്നും ആവശ്യമെങ്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് ഇളവ് അനുവദിക്കുന്നതായിരിക്കും. കൂടാതെ, ദേശീയ തലത്തിൽ പ്രശസ്തമായ കമ്പനികൾക്ക് clause I ൽ ഇളവ് അനുവദിക്കുന്നതാണ്.

സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സർക്കാർ സ്ഥാപനമെന്ന നിലയ്ക്ക്, ഭിന്നശേഷിക്കാർ നടത്തുന്ന സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി, പ്രത്യേകം പരിഗണന നൽകേണ്ട സാഹചര്യങ്ങളിൽ അത്തരം സ്ഥാപനങ്ങൾക്ക് clause I ൽ ഇളവ് അനുവദിക്കുന്നതാണ്.

CLC യിൽ ഉൾപ്പെടുന്ന പക്ഷം **25,000/– രൂപ** രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതാണ്.

എഫ് എം സി ജി കമ്പനികളെ CLC ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് clause I ലെ വാർഷിക വിൽപ്പന സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ താഴെപ്പറയുന്ന വിഭാഗങ്ങൾക്ക് ഇളവ് അനുവദിക്കുന്നു.

1. സഹകരണ, സ്വാശ്രയ സംഘങ്ങളുടെ കമ്പനികൾ
2. കുടുംബശ്രീ പോലുള്ള സർക്കാർ സംരംഭങ്ങൾ
3. വ്യാവസായിക വകുപ്പിന്റെ സഹായത്തോടെ ആരംഭിച്ചിട്ടുള്ള സംരംഭങ്ങൾ.
4. Small scale industries unit ആയി രജിസ്റ്റർ ചെയ്തിട്ടുള്ള micro, small വിഭാഗത്തിൽപ്പെട്ട കമ്പനികൾ.

മേൽ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ താഴെപ്പറയുന്ന വ്യവസ്ഥകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
2. Packaged Commodities ഉത്തരവും അനുബന്ധ ചട്ടങ്ങളും അനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
3. പൊതുവിപണിയിലെ വിൽപ്പനശാലകളിൽ വിൽപ്പനയ്ക്ക് ഉണ്ടായിരിക്കേണ്ടതും പ്രാദേശികമായി ഡിമാന്റ് ഉള്ള ഉൽപ്പന്നമായിരിക്കണം.
4. ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കമ്പനികൾക്ക് ISO22000-2018/HACCP/ Agmark certification എന്നിവയിൽ ഏതെങ്കിലും നിർബന്ധമാണ്. മറ്റുള്ളവയ്ക്ക് ISO9001-2015 സർട്ടിഫിക്കേഷൻ ആവശ്യമാണ്.
5. ഇത്തരം കമ്പനികൾക്ക് FSSAI രജിസ്ട്രേഷൻ നിർബന്ധമാണ്.

6. Trade Mark Act 1999 ഉം അനുബന്ധ ചട്ടങ്ങളും അനുസരിച്ചിട്ടുള്ള Trade Mark സർട്ടിഫിക്കേറ്റ് 6 മാസത്തിനുള്ളിൽ ഹാജരാക്കേണ്ടതാണ്.

7. ഉൽപ്പന്നങ്ങളുടെ അടിസ്ഥാനവില, പരമാവധി വില, margin on MRP എന്നിവ ഹെഡ് ഓഫീസ് തലത്തിൽ അറിയിച്ച് വില നിശ്ചയിച്ച് വാങ്ങിക്കേണ്ടതാണ്.

8. ഇത്തരം കമ്പനികൾ CLC ഉൾപ്പെടുന്നപക്ഷം 5000/– (അയ്യായിരം) രൂപ Registration fee ഒടുക്കേണ്ടതാണ്, പ്രസ്തുത കമ്പനിയോ അവരുടെ വിതരണക്കാരോ DMC കളിൽ ഫീസ് അടച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. വർഷം തോറും രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.

9. നിർദ്ദിഷ്ട സമയത്തിനുള്ളിൽ രജിസ്ട്രേഷൻ പുതുക്കാതിരിക്കുകയോ തുടർച്ചയായി 4 മാസത്തിനുള്ളിൽ സപ്ലൈകോയിൽ വിതരണം നടത്താതിരിക്കുകയോ (സീസൺ ഉൽപ്പന്നങ്ങൾ ഒഴികെ) ചെയ്യുന്ന കമ്പനികളെ CLC യിൽ നിന്നും ഒഴിവാക്കുന്നതാണ്.

**<u>Locally Listed Companies (LLC) യിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ:</u>**

LLC യിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്.

1. നിശ്ചിത മാതൃകയിലുള്ള പ്രൈസ് ലിസ്റ്റ്
2. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്
3. ലീഗൽ മെട്രോളജി സർട്ടിഫിക്കറ്റ്
4. FSSAI സർട്ടിഫിക്കറ്റ്
5. ട്രേഡ് മാർക്ക് സർട്ടിഫിക്കറ്റ്
6. ISO/HACCP/AGMARK സർട്ടിഫിക്കറ്റ്
7. GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
8. വിളക്കെണ്ണയുടെ വില അംഗീകരിക്കുന്നതിന് അംഗീകൃത ലാബിൽ നിന്നുള്ള Total Polar Compounds Certificate

I. LLC യിൽ ഉൾപ്പെടുത്തുന്നതിന് സപ്ലെയർമാർ സാധനങ്ങളുടെ ഉൽപ്പാദകരോ, സാധനങ്ങൾ മാർക്കറ്റിംഗ് ചെയ്യുന്നവരോ ആയിരിക്കണം (Packers/Marketers) – Distributor മാരെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതല്ല.

II. ഇപ്രകാരം അംഗീകാരം ലഭിച്ച സപ്ലെയർമാർ (LLC) നിലവിലുള്ള ഉത്തരവ് പ്രകാരം DMC യിൽ രജിസ്റ്റർ ചെയ്യാൻ നിശ്ചയിച്ചിട്ടുള്ള ഫീസ് സപ്ലൈകോ ഡിപ്പോയിൽ ഒടുക്കേണ്ടതാണ്.

III. LLC കമ്പനികളുടെ ഉൽപ്പന്നങ്ങൾ സപ്ലെയർമാർ നേരിട്ട് വിൽപ്പനശാലകളിൽ സപ്ലൈ ചെയ്യേണ്ടതാണ്.

IV. LLC കമ്പനികളുടെ FMCG ഉൽപ്പന്നങ്ങൾ വിലവ്യത്യാസം, MRP യിൽ വർദ്ധനവ് വരുത്തുന്നതിന് സപ്ലൈകോ ഹെഡ് ഓഫീസിൽ എഫ്.എം.സി.ജി. ഡിവിഷനിൽ നിന്നും അംഗീകാരം വാങ്ങിക്കേണ്ടതാണ്. MRP യിൽ വർദ്ധനവ് വരുത്തുന്നതിന്

അതേ തരത്തിലുള്ള ജനപ്രിയ ബ്രാൻഡുകൾക്ക് എല്ലാം MRP യിൽ വർദ്ധനവ് വരുന്ന പക്ഷം മാത്രമേ അപേക്ഷ പരിഗണിക്കുകയുള്ളൂ.

LLC വിഭാഗത്തിലുള്ള കമ്പനികളെ CLC യിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷ LLC രജിസ്ട്രേഷൻ ലഭിച്ച് 2 വർഷം പൂർത്തിയാക്കിയതിനു ശേഷം മാത്രമേ പരിഗണിക്കുകയുള്ളൂ.

എല്ലാ വിഭാഗം കമ്പനികളും മേൽ മാനദണ്ഡങ്ങൾ കൂടാതെ, അതാത് സമയങ്ങളിൽ പ്രാബല്യത്തിലുള്ള ഉൽപ്പന്നങ്ങളുടെ വില, മാർജിൻ എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

**മാനേജർ (എഫ്.എം.സി.ജി)**

Signed by
Aju A H
Date: 21-12-2024 11:57:23